(ബി) ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കാനായി ഇംഗ്ലീഷിൽ ബിരുദവും ബി.എഡും യോഗ്യതയുള്ളവരെ നിയമിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടോ ; പ്രസ്തുത യോഗ്യതയില്ലാത്ത മറ്റു വിഭാഗങ്ങളിലെ അദ്ധ്യാപകരെ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് ഇപ്പോഴും നിയമിക്കുന്നുണ്ടോ ;

(സി) ക്ലാസ് ഡിവിഷൻ അദ്ധ്യാപക അനുപാതമോ, അതോ വിദ്യാർത്ഥി അദ്ധ്യാപക അനുപാതമോ എന്നീ ക്രമത്തിലാണോ ഇംഗ്ലീഷ് അദ്ധ്യാപകരുടെ ഒഴിവുകൾ നിശ്ചയിക്കുന്നതും നിയമനം നടത്തുന്നതുമെന്ന് വിശദമാക്കുമോ ;

(ഡി) ഹൈസ്കൂൾ തലത്തിൽ ഇംഗ്ലീഷ് ഭാഷാ പഠന നിലവാരം ഉയർത്തുന്നതിന് പുതുതായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇംഗ്ലീഷ് ഭാഷാ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഹൈസ്കൂൾ തലത്തിൽ പാഠ്യപദ്ധതി സമൂലം പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി എട്ട്, ഒമ്പത് ക്ലാസ്സുകളിലെ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും പരിഷ്കരിച്ച് നടപ്പാക്കിക്കഴിഞ്ഞു. പത്താംതരത്തിലെ പാഠപുസ്തകവും പാഠ്യക്രമവും പരിഷ്കരിക്കുന്നതിനുള്ള പ്രക്രിയ നടന്നു വരുന്നു. 2011-12 അക്കാദമിക് വർഷത്തിൽ ഇത് പത്താംക്ലാസ്സിൽ നടപ്പാക്കുന്നതാണ്. അതോടൊപ്പം തന്നെ അദ്ധ്യാപക പരിശീലന പരിപാടികളും സമഗ്രമായി ആസൂത്രണം ചെയ്തു നടപ്പാക്കി വരുന്നു.

(ബി) യോഗ്യത ഉള്ളവരെ നിയമിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 5-1-2009-നു മുമ്പ് എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികയിൽ കേരളാ വിദ്യാഭ്യാസച്ചട്ടം റൂൾ 51 എ പ്രകാരം അവകാശം നേടിയവരേയും, 7-1-2002-ന് മുമ്പ് സർവ്വീസിലുണ്ടായിരുന്ന എച്ച്.എസ്.എ. (കോർ വിഷയങ്ങൾ)-മാരേയും ഇംഗ്ലീഷിൽ ബിരുദവും ബി.എഡും. വേണമെന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി) ക്ലാസ് ഡിവിഷൻ അദ്ധ്യാപക അനുപാതത്തിലാണ് ഇംഗ്ലീഷ് അദ്ധ്യാപക നിയമനം നടത്തുന്നത്.

(ഡി) പാഠ്യപദ്ധതി വിനിമയം ശരിയായ രീതിയിൽ നടക്കുന്നതിന് അദ്ധ്യാപക പരിശീലന പരിപാടികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

ഹൈസ്കൂളുകളിലെ ഇംഗ്ലീഷ് അദ്ധ്യാപനം

5 (3750) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇംഗ്ലീഷ് ഭാഷയിൽ അക്കാദമിക് യോഗ്യതകൾ ഇല്ലാത്തവർ ഇപ്പോഴും ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് ഇംഗ്ലീഷ് പഠനത്തിന്റെ നിലവാരത്തെ ബാധിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(സി) ഇംഗ്ലീഷ് ഭാഷയിൽ ബിരുദവും ബി.എഡും ഉള്ളവർ തന്നെ ഇംഗ്ലീഷ് പഠിപ്പിക്കണമെന്ന 2002-ലെ ഉത്തരവ് പൂർണ്ണമായും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) അഞ്ച് ഡിവിഷനിൽ താഴെയുള്ള ഹൈസ്കൂളുകളിലും ഇംഗ്ലീഷ് ഭാഷയിൽ തന്നെ ബിരുദവും ബി. എഡും ഉള്ളവരെ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) മറ്റ് കോർ സബ്ജക്ട് അദ്ധ്യാപകർ ഇംഗ്ലീഷ് പഠിപ്പിക്കുന്ന സാഹചര്യം പൂർണ്ണമായും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. 7-1-2002-ലെ ജി.ഒ. (എം.എസ്) 11/02/പൊ.വി ഉത്തരവ് പ്രകാരമാണ് ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നതിന് പ്രത്യേകം തസ്തിക സൃഷ്ടിച്ചത്. പ്രസ്തുത ഉത്തരവ് നിലവിൽ വരുന്നതിനുമുമ്പ് എച്ച്.എസ്.എ. കോർ വിഷയത്തിൽപ്പെട്ട അദ്ധ്യാപകരാണ് ഇംഗ്ലീഷ് ഭാഷ പഠിപ്പിച്ചിരുന്നത്. ഈ ഉത്തരവ് നിലവിൽ വരുന്നതിനുമുമ്പ് സർവ്വീസിൽ കയറിയ അദ്ധ്യാപകർക്ക് പരിരക്ഷ നൽകണമെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

(സി) ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) വിഷയാനുപാതം അനുസരിച്ച് 5 ഡിവിഷനിൽ താഴെയുള്ള ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് തസ്തിക സൃഷ്ടിക്കുന്നതിന് നിലവിൽ നിയമം ഇല്ല. ഇത്തരം സ്കൂളുകളിൽ മുൻ വർഷങ്ങളിലെപ്പോലെ എച്ച്.എസ്.എ. കോർ വിഷയങ്ങളിലെ അദ്ധ്യാപകരാണ് ഇംഗ്ലീഷ് പഠിപ്പിക്കേണ്ടത്.

(ഇ) ഡിവിഷൻ ഫാൾമൂലം കോർ സബ്ജക്ട് അദ്ധ്യാപകർ സർവ്വീസിൽ നിന്ന് പുറത്താക്കപ്പെടുന്ന സാഹചര്യത്തിൽ ഘട്ടംഘട്ടമായി മാത്രമെ പ്രസ്തുത ഉത്തരവ് നടപ്പിലാക്കാൻ കഴിയുകയുള്ളു.

സ്കൂളുകളിലെ ഇംഗ്ലീഷ് ഭാഷാ അദ്ധ്യാപകർക്ക് തുടർ പരിശീലനം

6 (3751) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ ഇംഗ്ലീഷ് ഭാഷ അദ്ധ്യാപകർക്ക് തുടർ പരിശീലനം നൽകുന്നതിന് ഇപ്പോൾ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly